# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എഴുമറ്റൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: KSAPTA/ P-8/1165/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 05/12/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എഴുമറ്റൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : എഴുമറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എഴുമറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAPTA/ P-8/1165/23 തീയ്യതി: 05/12/2023

## പത്തനംതിട്ട ജില്ലയിലെ എഴുമറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ എഴുമറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സ്നിഗ്ദ്ധ എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 21-11-2023 | 28-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-11-2023 | 28-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. അജ്മൽ എ.എസ്, ഓഡിറ്റ് ഓഫീസർ

ശ്രീ. ഹരികുമാർ എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി സ്മിത റ്റി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി സിന്ധുമോൾ വി.എൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശോഭാമാത്യു | പ്രസിഡന്റ് | 01-04-2022 | 25-07-2022 |
| ശ്രീ ജേക്കബ് കെ എബ്രഹാം | പ്രസിഡന്റ് | 26-07-2022 | 16-08-2022 |
| ശ്രീമതി ജിജി.പി എബ്രഹാം | പ്രസിഡന്റ് | 17-08-2022 | 31-03-2023 |
| ശ്രീ.ജയൻ.പി.കെ | സെക്രട്ടറി | 01-04-2022 | 31-05-2022 |
| ശ്രീമതി മാലിനി ജി.പിള്ള(ചാർജ്) | സെക്രട്ടറി | 01-06-2022 | 29-09-2022 |
| ശ്രീ. ഗിരീഷ്കുമാർ ജെ | സെക്രട്ടറി | 30-09-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മാലിനി ജി.പിള്ള | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി വിദ്യ.ജെ തോമസ് | കൃഷി ഓഫീസർ | 01-04-2022 | 18-04-2022 |
| ശ്രീമതി ലതമേരി തോമസ് | കൃഷി ഓഫീസർ | 19-04-2022 | 31-07-2022 |
| ശ്രീമതി ആര്യ വി നാഥ് | കൃഷി ഓഫീസർ | 01-08-2022 | 25-11-2022 |
| ശ്രീമതി മഞ്ജുഷ എൻ.എസ് | കൃഷി ഓഫീസർ | 26-11-2022 | 31-03-2023 |
| ശ്രീമതി വിദ്യ എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ഡോ.എ.കണ്ണൻ | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.മായാ രാജഗോപാൽ | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 01-04-2022 | 05-11-2022 |
| ഡോ.സ്നിഗ്ദ്ധ പാർവ്വതിമോഹൻ | മെഡിക്കൽ ഓഫീസർ (ചാർജ്) | 06-11-2022 | 02-12-2022 |
| ഡോ.മായാ രാജഗോപാൽ | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 03-12-2022 | 31-03-2023 |
| ഡോ.ഷാനു ഹസൻ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 31-03-2023 |
| ശ്രീമതി ഉഷ.കെ.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ.ശ്രീകുമാർ ജെ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 30-01-2023 |
| ശ്രീമതി ശിൽപ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 31-01-2023 | 31-03-2023 |
| ശ്രീമതി ഷൈല.പി മാത്യു | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീ.ശ്യാംകുമാർ.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 01-04-2022 | 14-07-2022 |
| ശ്രീമതി കീർത്തി പി.ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 15-07-2022 | 31-03-2023 |
| ശ്രീമതി ഷിഫാന എസ്.സത്താർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | 01-04-2022 | 30-11-2022 |

| | | | |
|---|---|---|---|
| ശ്രീമതി കീർത്തി പി.ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | 01-12-2022 | 31-03-2023 |
| ശ്രീ. നന്ദകുമാർ എസ്. | അസിസ്റ്റന്റ് എൻജിനീയർ | 01-04-2022 | 05-09-2022 |
| ശ്രീ.അരുൺകുമാർ ആർ | അസിസ്റ്റന്റ് എൻജിനീയർ | 06-09-2022 | 20-09-2022 |
| ശ്രീമതി രചന വി | അസിസ്റ്റന്റ് എൻജിനീയർ | 21-09-2022 | 23-09-2022 |
| ശ്രീ.ശ്രീജിത്ത് എസ് | അസിസ്റ്റന്റ് എൻജിനീയർ | 24-09-2022 | 30-09-2022 |
| ശ്രീമതി ദീപ.കെ | അസിസ്റ്റന്റ് എൻജിനീയർ | 01-10-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-3 |
| 5 | നിക്ഷേപ പ്രവൃത്തികൾ–രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-4 |
| 6 | ഗ്രാന്റുകളുടെ വിനിയോഗം-രജിസ്റ്ററുകൾ അപൂർണ്ണം | 1-1-5 |
| 7 | ഡെപ്പോസിറ്റ് രജിസ്റ്ററുകൾ അപൂർണ്ണം | 1-1-6 |
| 8 | ലൈഫ് മിഷൻ വായ്പ- വാർഷിക കണക്കുകൾ പ്രകാരമുള്ള നീക്കിയിരിപ്പ് കൃത്യമല്ല | 1-1-7 |
| 9 | വരവ് ഇനം ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തില്ല | 1-1-8 |
| 10 | തൊഴിലുറപ്പ് പദ്ധതി-വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | ചെലവുകൾ ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തില്ല | 1-1-10 |
| 12 | ബെനിഫിഷറി കോൺട്രിബ്യൂഷൻ–ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ള തുകയ്ക്ക് കൃത്യതയില്ല | 1-1-11 |
| 13 | Capital Work In Progress-തെറ്റായ ശീർഷകത്തിൽ ക്രമീകരിച്ചു | 1-1-12 |
| 14 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-13 |
| 15 | ജേണൽ വൗച്ചറുകൾക്ക് ആധികാരികതയില്ല | 1-1-14 |
| 16 | ബാധ്യത ഹെഡുകൾ ക്രമീകരിച്ചില്ല | 1-1-15 |
| 17 | സാക്ഷരത അക്കൗണ്ട് ബാധ്യതയായി രേഖപ്പെടുത്തിയില്ല | 1-1-16 |
| 18 | ബജറ്റ് | 1-2 |
| 19 | സാമ്പത്തിക വിശകലനം | 1-3 |
| 20 | ഗ്രാന്റ് വിനിയോഗം | 1-4 |
| 21 | ഗ്രാന്റ് വിനിയോഗം- സ്റ്റേറ്റ്മെന്റിലെ അപാകത | 1-4-1 |
| 22 | പദ്ധതി അവലോകനം | 1-5 |
| 23 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 24 | ക്ഷേമ പദ്ധതികൾ | 1-7 |
| 25 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 26 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 27 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 28 | സി.എസ്.ആർ ഫണ്ട് നേടിയെടുത്തത് അഭിനന്ദനാർഹം | 1-11 |
| 29 | തനതുവിഭവ സമാഹരണം- അവലോകനം | 1-12 |
| 30 | രസീതുബുക്കുകളുടെ പരിപാലനം - അപാകങ്ങൾ | 1-13 |
| 31 | ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല | 1-14 |
| 32 | ലൈസൻസ് പിരിവ്-അപാകങ്ങൾ | 1-15 |
| 33 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കണം | 1-16 |
| 34 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക-328747/-രൂപ | 1-17 |
| 35 | നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമല്ല | 1-18 |
| 36 | കാലഹരണപ്പെട്ട നിക്ഷേപം പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയില്ല | 1-19 |
| 37 | സംയുക്ത പദ്ധതികൾക്ക് ലഭിക്കുന്ന ഫണ്ടുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു | 1-20 |
| 38 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ | 1-21 |

| | | |
|---|---|---|
| 39 | ഫെസ്റ്റിവൽ അഡ്വാൻസ്- 16000 രൂപ തിരികെ ലഭിച്ചില്ല | 1-22 |
| 40 | സ്മാർട്ട് ഗാർബേജ് മോണിറ്ററിങ്ങ് സിസ്റ്റം- പദ്ധതി പ്രവർത്തനങ്ങൾക്ക് വേഗത കൂട്ടേണ്ടതാണ് | 1-23 |
| 41 | വിനിയോഗം കുറവ്-മെയിന്റനൻസ് ഗ്രാന്റ് 58.32 ലക്ഷം രൂപ ലാപ്സായി | 1-24 |
| 42 | കരാർ ചമച്ച പ്രവൃത്തികൾ നാളിതുവരെ ആരംഭിക്കാത്ത കരാറുകാരനെതിരെ തുടർ നിയമനടപടികൾ സ്വീകരിച്ചില്ല. | 1-25 |
| 43 | പൊതുടാപ്പുകളുടെ വെള്ളക്കരം- പഞ്ചായത്തിന് അധിക ബാധ്യത | 1-26 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/ കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 10-07-2023 ലെ 3(1)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 20-07-2023-ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള എഴുമറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്തീ രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, എഴുമറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

പത്തനംതിട്ട — ഡെപ്യൂട്ടി ഡയറക്ടർ, ജില്ല ഓഡിറ്റ് കാര്യാലയം

05.12.2023 — പത്തനംതിട്ട

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്തീരാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 62 പ്രകാരമുള്ള അടിസ്ഥാന അനുപാത കണക്ക് (Ratios), സെക്രട്ടറിയുടെ കുറിപ്പുകൾ (Notes On Accounts) എന്നിവ വാർഷിക കണക്കുകളോടൊപ്പം സമർപ്പിച്ചിട്ടില്ല.

### 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 16,03,364 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 35,76,388 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-3 ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ്, എന്നീ വരുമാനങ്ങൾ സംബന്ധിച്ച ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല. 2022-23 ലെ വസ്തുനികുതി തൊഴിൽ നികുതി, ലൈസൻസ് എന്നീ വരുമാനങ്ങൾ സംബന്ധിച്ച ഡിമാന്റ് എൻട്രികൾ 31-03-2023-ൽ ഒറ്റ 'എൻട്രി' ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

### 1-1-4 നിക്ഷേപ പ്രവൃത്തികൾ-രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച തുകയുടെ നീക്കിയിരിപ്പ് കൃത്യമല്ല. ആയതിന് കൃത്യമായ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

### 1-1-5 ഗ്രാന്റുകളുടെ വിനിയോഗം-രജിസ്റ്ററുകൾ അപൂർണ്ണം

വിവിധ ഗ്രാന്റുകളുടെ വിനിയോഗം സംബന്ധിച്ച് കൃത്യമായ രേഖപ്പെടുത്തലുകൾ ഇല്ല. രജിസ്റ്ററുകളുടെയും രേഖകളുടെയും അഭാവത്തിൽ നീക്കിയിരിപ്പ് തുകകളുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

### 1-1-6 ഡെപ്പോസിറ്റ് രജിസ്റ്ററുകൾ അപൂർണ്ണം

Deposits Received- രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വിവിധ ഹെഡുകളിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ ഇടപാടുകൾ, നീക്കിയിരിപ്പ് തുകകളുടെ കൃത്യത ഓഡിറ്റിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. കാലഹരണപ്പെട്ട നിക്ഷേപങ്ങൾ റെവന്യൂവിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

### 1-1-7 ലൈഫ് മിഷൻ വായ്പ- വാർഷിക കണക്കുകൾ പ്രകാരമുള്ള നീക്കിയിരിപ്പ് കൃത്യമല്ല

ഷെഡ്യൂൾ ബി-5: Secured Loan From Kurdfc- വാർഷിക കണക്കുകൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുകയും (₹39,51,661) യഥാർത്ഥ തുകയും (₹37,77,543) തമ്മിൽ 1,74,118 രൂപയുടെ വ്യത്യാസമുണ്ട്.

*പ്രത്യേക ഘടക പദ്ധതിയിൽ ലൈഫ് മിഷൻ വായ്പ തിരിച്ചടവിലേക്ക് 2019-20 വർഷം സ്രോതസ്സിൽ കുറവ് ചെയ്ത 2,94,118 രൂപ ലോൺ അക്കൗണ്ട് ഹെഡിൽ ബുക്ക് ചെയ്തില്ല. കൂടാതെ തൻവർഷം ലഭിച്ച 9,20,000 രൂപയിൽ 8 ലക്ഷം രൂപ മാത്രമാണ് ലോൺ അക്കൗണ്ടിൽ വരവ് വെച്ചിട്ടുള്ളത്.

### 1-1-8 വരവ് ഇനം ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തില്ല

ലൈഫ് ഭവന പദ്ധതി-സംസ്ഥാന വിവിതമായി 8 ലക്ഷം രൂപയാണ് ലഭിച്ചത്. വാർഷിക കണക്കിൽ 9,20,000 രൂപയാണ് ബുക്ക് ചെയ്തത്.

### 1-1-9 തൊഴിലുറപ്പ് പദ്ധതി-വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല

വാർഷി കണക്കുകൾ പ്രകാരമുള്ള തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ, അഡ്വാൻസ് എന്നിവ യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-10 ചെലവുകൾ ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തില്ല

1. Other Advance - ഇന്റർ നാഷണൽ കോൺക്ലേവിന് തുക നൽകിയത് (₹ 25000) അഡ്വാൻസിൽ രേഖപ്പെടുത്തിയിരിക്കുന്നു.
2. Recoveries Payable- Other Deductions- നീക്കിയിരിപ്പ് തുക രേഖപ്പെടുത്തിയിട്ടുള്ളത് (രൂപ 3375) തെറ്റാണ്. തുക ചെലവഴിച്ചിട്ടുള്ളത് തെറ്റായി 25210001 എന്ന ഹെഡിൽ രണ്ട് തവണ ബുക്ക് ചെയ്തു.

### 1-1-11 ബെനിഫിഷറി കോൺട്രിബ്യൂഷൻ-ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ള തുകയ്ക്ക് കൃത്യതയില്ല

ഷെഡ്യൂൾ ബി-4: Beneficiary Contribution- മുൻവർഷങ്ങളിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്നു. കൃത്യമായ രേഖകൾ ഇല്ലാത്തതിനാൽ നീക്കിയിരിപ്പ് തുകയുടെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടില്ല.

### 1-1-12 Capital Work In Progress-തെറ്റായ ശീർഷകത്തിൽ ക്രമീകരിച്ചു

Schedule B11 (B)- Capital Work In Progress- തുക റെവന്യൂ ഹെഡുമായി ക്രമീകരിച്ചിട്ടുള്ളത് തെറ്റാണ്. Repairs & Maintenance-Water Pipe Line- Rs. 894489, Repairs & Maintenance- Street Light Rs. 175,000. ബന്ധപ്പെട്ട ആസ്തി ഹെഡിലാണ് Capital Work In Progress ക്രമീകരിക്കേണ്ടത്.

### 1-1-13 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരം ആസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്.

### 1-1-14 ജേണൽ വൗച്ചറുകൾക്ക് ആധികാരികതയില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായി സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ എന്നിവ സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്.

### 1-1-15 ബാധ്യത ഹെഡുകൾ ക്രമീകരിച്ചില്ല

ഷെഡ്യൂൾ ബി9: Other Liabilities- Income Tacx Deducted At Source, KCWWF- തുക ക്രമീകരിക്കാൻ അവശേഷിക്കുന്നു.

### 1-1-16 സാക്ഷരത അക്കൗണ്ട് ബാധ്യതയായി രേഖപ്പെടുത്തിയില്ല

സാക്ഷരത അക്കൗണ്ട് (₹15,529) ബാലൻസ് ഷീറ്റിൽ ബാധ്യതയായി രേഖപ്പെടുത്തിയിട്ടില്ല.

## 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് 25.03.22 ലെ 1(1) നമ്പർ തീരുമാനപ്രകാരവും, പരിഷ്കരിച്ച ബജറ്റ് 24.03.2023 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് – ചെലവ് കണക്കുകൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 12624031 |
| വരവ് | 13425400 |
| ആകെ | 146878031 |
| ചെലവ് | 13949500 |
| നീക്കിയിരിപ്പ് | 7383031 |

## 1-3 സാമ്പത്തിക വിശകലനം

(റസീപ്റ്റ് &പേയ്മെന്റ് അക്കൗണ്ട്)

| | |
|---|---|
| മുന്നിരിപ്പ് | 8775738 |
| വരവ് | 29015190 |
| ആകെ | 37790928 |
| ചെലവ് | 27411826 |
| നീക്കിയിരിപ്പ് | 10379102 |

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്

| | |
|---|---|
| വരവ് | 101488042 |
| ചെലവ് | 102375210 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | ഇല്ല | 12453269 | 12453269 | 12257776 | -- | 195493 |
| വികസന ഫണ്ട്- എസ്.സി.പി | ,, | 3992201 | 3992201 | 3540466 | -- | 451735 |
| വികസന ഫണ്ട് | ,, | Xx | Xx | Xx | Xx | Xx |

| | | | | | | |
|---|---|---|---|---|---|---|
| റ്റി.എസ്..പി | | | | | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 2294268 | 3326000 | 5620268 | 792720 | 4827548 | -- |
| ,, (ക്യാരി ഓവർ വിഹിതം) | -- | 770000 | 770000 | 572330 | -- | 197670 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | 47568<br>പലിശ | 2218000<br>180249 | 2445817 | 1705659 | 740158 | -- |
| ,, (ക്യാരി ഓവർ വിഹിതം) | -- | 9841 | 9841 | 9841 | -- | 0 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | ,, | 4868000 | 4868000 | 1561679 | -- | 3306321 |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ-റോഡ് | ,, | 4994000 | 4994000 | 2467930 | -- | 2526070 |
| ഹെൽത്ത് ഗ്രാന്റ് | -- | 555742 | 555742 | | 555742 | |
| ലൈഫ്-സംസ്ഥാന വിഹിതം | | 920000 | 920000 | 920000 | 0 | |
| സാക്ഷരത | 15529 | -- | 15529 | -- | 15529 | |
| സമ്പൂർണ്ണ ശുചിത്വം | 167000 | 140000 | 307000 | 286441 | 20559 | |
| ഐ.സി.ഡി.എസ്. | 326678 | 750852 | 1077530 | 397590 | 679940 | |
| എം.ജി.എൻ. ആർ.ജി.എസ് | 34404 | 21916267 | 21950671 | 21912046 | 38625 | |
| പൈക്ക | 73000 | -- | 73000 | -- | 73000 | -- |

## 1-4-1 ഗ്രാന്റ് വിനിയോഗം- സ്റ്റേറ്റ്മെന്റിലെ അപാകത

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽനിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 3,77,748 |
| ,, | അങ്കണവാടി അധിക വേതനം | 9,19,800 |
| വികസന ഫണ്ട്-എസ്.സി.പി | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 1,70,265 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 181 | 78139621 | 114 | 34235795 | 67 | 62.98 |

2022-23-ൽ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്ക്കരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരു- ത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 8 | 8 | 3662700 | 3351476 |
| 2 | സെക്രട്ടറി | 47 | 15 | 7408976 | 4063836 |
| 3 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 11 | 8 | 2079722 | 1100219 |
| 4 | മെഡിക്കൽ ഓഫീസർ, ആയുർവേദം | 2 | 2 | 200000 | 176477 |
| 5 | ഫീഷറീസ് സബ് ഇൻസ്പെക്ടർ | 2 | 2 | 193000 | 41000 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(I) | 15 | 14 | 30482782 | 9675700 |
| 7 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(II) | 5 | 2 | 4234482 | 1455200 |
| 8 | അസിസ്റ്റന്റ് സെക്രട്ടറി | 11 | 10 | 1938000 | 1528950 |
| 9 | കൃഷി ഓഫീസർ | 8 | 8 | 4191300 | 2730874 |
| 10 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1750000 | 1200000 |
| 11 | അസിസ്റ്റന്റ് എഞ്ചിനീയർ | 58 | 31 | 18692859 | 5629839 |
| 12 | വെറ്റിനറി സർജൻ | 7 | 7 | 2090800 | 2070560 |
| 13 | ഹെഡ്മാസ്റ്റർ | 5 | 5 | 1215000 | 1211664 |
| | **ആകെ** | 181 | 114 | 78139621 | 34235795 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 34404 | 1705531 | 1739935 | 1701310 | 38625 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | -- | 20210736 | 20210736 | 20210736 | 0 |
| ആകെ | 34404 | 21916267 | 21950671 | 21912046 | 38625 |

ഭരണ ചെലവുകളുടെ വരവ് ചെലവ് കണക്കിൽ പഞ്ചായത്തിൽ നിന്നും ലഭിച്ച അഡ്വാൻസും ആയതിന്റെ റീക്രൂപ്മെന്റും ഉൾപ്പെടുന്നു.

## 1-7 ക്ഷേമ പദ്ധതികൾ

| പെൻഷൻ ഇനം | ചെലവ് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 2,201,200 | 153 |

| | | |
|---|---|---|
| മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2,452,200 | 176 |
| വിധവാ പെൻഷൻ | 5,347,600 | 425 |
| വാർദ്ധക്യകാല പെൻഷൻ | 22,766,800 | 1902 |
| അവിവാഹിതരായ 50 വയസ്സിന്മേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 139,200. | 11 |
| തൊഴിൽ രഹിത വേതനം | - | - |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.11.2023 ന് 3.30 PM ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 48430 രൂപ (നാല്പത്തിയെണ്ണായിരത്തി നാനൂറ്റി മുപ്പത് ) നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്.

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലകളിലുള്ള ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ ജി.ഐ. എസ്. മാപ്പിംഗ് സംവിധാനം ഫലപ്രദമായി ഉപയോഗപ്പെടുത്തി തനത് വരുമാനവർദ്ധനവിനുതകുന്ന നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. വാർഡ് തലത്തിലുള്ള അംഗീകൃത ട്രേഡേഴ്സ് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ ലൈസൻസില്ലാതെ നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്. വാർഡ് തലത്തിലുള്ള അംഗീകൃത ട്രേഡേഴ്സ് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ ഇതു സംബന്ധിച്ച് കൃത്യമായ കണക്കുകൾ രൂപപ്പെടുത്തുവാൻ ഗ്രാമപഞ്ചായത്തിന് സാധിക്കുന്നില്ല. രസീതു ബുക്കുകളുടെ പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ ആവശ്യമാണ്. ടെണ്ടർ ഫോം രജിസ്റ്റർ സൂക്ഷിക്കാൻ നടപടി വേണം.

ഫയലുകൾ തീർപ്പാക്കുന്നതിൽ കാലതാമസം

ഐ.എൽ.ജി.എം.എസ്. ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് സ്ഥാപനതലത്തിൽ സത്വരനടപടി ആവശ്യമാണ്.

എ) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ബി) കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

സി) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

ഡി) പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടേയും രേഖകളുടേയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

ഇ) ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ പ്രതിമാസ റവന്യൂ വരവ്-ചെലവ് പരിശോധന നടത്തേണ്ടതും സാമ്പത്തികസ്ഥിതി അവലോകനം ചെയ്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

എഫ്) തനത് വരുമാനവർദ്ധനവിനുതകുന്ന എല്ലാ സ്രോതസ്സുകളും പരമാവധി പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

മോണിറ്ററിംഗ് ഫലപ്രദമാകുന്നില്ല.

വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം കൃത്യമായി മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ തന്നെയും വീഴ്ചവരുത്തിയിട്ടുണ്ട്. ചെലവഴിച്ച പദ്ധതിപ്പണം

സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയ കണ്ട്രോളിംഗ് സംവിധാനം ഇത് മൂലം ഫലപ്രദമായില്ല. സെക്രട്ടറി ഉൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകങ്ങൾ പരിഹരിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|
| അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 03.07.18 -11.07.18 | 2013-14 മുതൽ 2017-18 വരെ | 10.08.18 |
| പെർഫോമൻസ് ഓഡിറ്റ് | 2022 മാർച്ച് | 04/21 മുതൽ 03/22 വരെ | 26.11.2022 |

## 1-11 സി.എസ്.ആർ ഫണ്ട് നേടിയെടുത്തത് അഭിനന്ദനാർഹം

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് കോർപ്പറേറ്റ് സോഷ്യൽ റെൺസ്പോൺസിബിലിറ്റി (സി.എസ്.ആർ) ഫണ്ടായി 5,50,000 രൂപ ലഭിച്ചിട്ടുണ്ട്. ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നാണ് ഈ തുക ലഭിച്ചിട്ടുള്ളത്.

| | |
|---|---|
| ശ്രീ. വിനോദ്കുമാർ, പൈക്കര, എഴുമറ്റൂർ | 50,000 |
| M/s റ്റി.എം. കൺസ്ട്രക്ഷൻസ്, എഴുമറ്റൂർ | 5,00,000 |

2013-ലെ കമ്പനീസ് ആക്ട് 135- ാം വകുപ്പ് പ്രകാരമാണ് ഇന്ത്യയിൽ സി.എസ്.ആർ. ഫണ്ട് നിയന്ത്രിക്കുന്നത്. സാമ്പത്തിക പുരോഗതി, സാമൂഹിക പുരോഗതി, പരിസ്ഥിതി സംരക്ഷണം എന്നിവ വഴി സന്തുലിതമായ സമീപനത്തിലൂടെ സുസ്ഥിര വികസനത്തിന്റെ ലക്ഷ്യം കൈവരിക്കുക എന്നതാണ് സി.എസ്.ആർ. കൊണ്ട് ഉദ്ദേശിക്കുന്നത്. കമ്പനികളുടെ സാമൂഹ്യ പ്രതിബദ്ധതയും സമൂഹത്തോടുള്ള അവരുടെ ഉത്തരവാദിത്തവും നിറവേറ്റുക എന്നതു കൂടിയാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്.

സി.എസ്.ആർ. ഫണ്ടിന്റെ വിനിയോഗ വിവരം ലഭ്യമാക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 18/2022-23, തീയതി: 25-11-2023) മറുപടിയായി, M/s റ്റി.എം. കൺസ്ട്രക്ഷനിൽ നിന്നും ലഭിച്ച ഫണ്ടിൽ 3 ലക്ഷം വിനിയോഗിച്ച് 2-ാം വാർഡിലെ വട്ടരി-ഉപ്പമാങ്കൽ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തി 2023-24 സാമ്പത്തിക വർഷം പൂർത്തിയാക്കിയെന്നും, ശ്രീ. വിനോദ്കുമാർ സംഭാവനചെയ്ത 50,000 രൂപ വിനിയോഗിച്ച് അതിദരിദ്രർക്കുള്ള ഭക്ഷണകിറ്റ് വിതരണം നടത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

സാമൂഹ്യ പ്രതിബദ്ധത ഉറപ്പാക്കുന്നതിനായി കോർപ്പറേറ്റ് സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന ഫണ്ടുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് ചെലഴിക്കാമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഭാവിയിലേക്കുള്ള നല്ല ചുവടുവെയ്പായി സി.എസ്.ആർ ഫണ്ടിനെ മാറ്റിയെടുക്കേണ്ടതാണ്.

## 1-12 തനതുവിഭവ സമാഹരണം- അവലോകനം

ഗ്രാമപ്പഞ്ചായത്തിന്റെ തനത് വരുമാനം പ്രധാനമായും ലഭിക്കുന്നത് നികുതി നികുതിയേതര വരവുകളിൽ നിന്നാണ്. സാമാന്യം ഭേദപ്പെട്ട രീതിയിൽ തനത് വരുമാന സ്രോതസുകൾ ഗ്രാമപഞ്ചായത്തിനുണ്ടെങ്കിലും ഇവ ഫലപ്രദമായി സ്വരൂപിക്കുന്നില്ല. വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസുകൾ, തുടങ്ങിയവയാണ് സർക്കാർ ഗ്രാന്റുകൾക്കു പുറമെയുള്ള പ്രധാന വരുമാന മാർഗങ്ങൾ. തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നതിലും നിശ്ചിത സമയ പരിധിക്കുള്ളിൽ ആയത് സമാഹരിക്കുന്നതിലുമുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റികളിൽ ചർച്ച ചെയ്യുകയും ടി നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തി, ഭരണസമിതിയുടെ അംഗീകാരത്തോടെ നടപ്പിലാക്കുന്നതിനായുള്ള തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം 91 % നികുതി പിരിച്ചെടുത്തിട്ടുണ്ട്. ഹരിതകർമ്മ സേന വഴി ഡിമാന്റ് നോട്ടീസ് വിതരണം നടത്തിയും ക്യാമ്പ് കളക്ഷൻ നടത്തിയും നികുതി കുടിശ്ശിക നിവാരണത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കെട്ടിട നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവയാണ് പഞ്ചായത്തിന്റെ മുഖ്യ തനത് വരുമാനം. ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലായി 1021 വാണിജ്യ/വ്യവസായ കെട്ടിടങ്ങളാണ് വസ്തുനികുതി അസ്സസ്സ്മെന്റിൽ ഉൾപ്പെട്ടിട്ടുള്ളത്.

വിവിധ തനത് വരവുകളുടെ ഡിമാന്റ്, കളക്ഷൻ വിവരങ്ങൾ വാർഷിക കണക്ക് പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നം. | വരവിനം | ഡിമാന്റ് | കളക്ഷൻ |
|---|---|---|---|
| 1 | വസ്തുനികുതി | 2796356 | 2504904 |
| 2 | തൊഴിൽ നികുതി | 1070545 | 1056795 |
| 3 | ലൈസൻസ് ഫീസ് | 228100 | 194100 ( അഡ്വാൻസ് 34000) |
| 4 | കെട്ടിടനിർമ്മാണ പെർമിറ്റ് ഫീസ് | 187171 | 187171 |

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് ഫീസ് പരിധിയിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കാത്തത് മൂലം എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പിക്കാൻ സാധിക്കുന്നില്ല. തൊഴിൽ നികുതി ബാധകമായ എല്ലാ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കുന്നില്ല.

കേബിൾ.ടി.വി. നെറ്റ് വർക്ക് ദാതാക്കളിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

__വസ്തു നികുതി പരിഷ്കരണം__

05.04.2023 ലെ സ.ഉ .നം.25/2023/തസ്വഭവ പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ വിവിധ ഇനം കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കുമുള്ള അടിസ്ഥാന വസ്തു നികുതി നിരക്കിന്റെ കുറഞ്ഞതും കൂടിയതുമായ പരിധി നിർണ്ണയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. പുതുക്കിയ വസ്തുനികുതി നിരക്ക് പ്രാബല്യത്തിൽ വരുന്ന തീയതി 01.04.2023 മുതലാണ്. ഇപ്രകാരം പുതുക്കിയ പരിധിയിൽ നിന്ന് ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തു നികുതി നിരക്ക് 31.05.2023 ലെ 3(1)- ാം തീരുമാന പ്രകാരം കരട് വിജ്ഞാപനം തയ്യാറാക്കി ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ച് 25.07.2023 ലെ 4(1) നം.തീരുമാനം പ്രകാരം അടിസ്ഥാന നികുതി അന്തിമ നിരക്കുകൾ തയ്യാറാക്കി 29.07.2023 ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അന്തിമ വിജ്ഞാപനം അനുസരിച്ചുള്ള നിരക്ക് സഞ്ചയയിൽ അപ്ഡേഷൻ നടത്തി പുതിയ നിരക്കിലുള്ള നികുതി ഈടാക്കി വരുന്നു. നിലവിൽ വസ്തു നികുതിയുടെ 37% സേവന നികുതി ഈടാക്കുന്നുണ്ട്.

കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിന് ശേഷം അവയുടെ തറ വിസ്തീർണത്തിലോ ഉപയോഗക്രമത്തിലോ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതനുസരിച്ച് വസ്തു നികുതി പുതുക്കി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തിൽ ആരംഭിക്കേണ്ടതാണ്. നികുതി നിർണ്ണയ പരിധിയിൽ ഉൾപ്പെടാതെ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി ക്രമവത്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള എല്ലാ കെട്ടിടങ്ങൾക്കും പ്രത്യേക നമ്പർ (UA) നൽകേണ്ടതും ആ കെട്ടിടങ്ങൾക്ക് നിയമാനുസൃത നമ്പർ നൽകുന്നതുവരെയോ അവ പൊളിച്ച് നീക്കുന്നതുവരെയോ അത്തരം കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തു നികുതിയായി ഈടാക്കേണ്ടതുമാണ്.
ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനതു വരുമാനങ്ങൾ നിശ്ചിത സമയ പരിധിക്കുള്ളിൽ സമാഹരിച്ചിട്ടുണ്ടെന്നും മുൻവർഷങ്ങളിലെയോ തന്നാണ്ടിലെയോ വരവിനങ്ങളൊന്നും സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കാനവശേഷിക്കുന്നില്ലെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്. സാധ്യമായ എല്ലാവഴികളും സ്വീകരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-13 രസീതുബുക്കുകളുടെ പരിപാലനം - അപാകങ്ങൾ

2022-23 സാമ്പത്തിക വർഷം പഞ്ചായത്തിൽ നിന്ന് ജീവനക്കാർക്കും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്കും വിതരണം ചെയ്ത രസീതുബുക്കുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തിൽ നിന്ന് ജീവനക്കാർക്കും വിവിധ നിർവ്വഹണോദ്യോഗസ്ഥർക്കും വിതരണം ചെയ്യുന്ന എല്ലാ രസീതുബുക്കുകളിലും സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട്, വിതരണവിവരം ഇവ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ( ഉദാ.ബുക്ക് നം 12271, 12273, .12272,7344, 7345, 12267 )

2. സാമ്പത്തിക വർഷാവസാനം ഉപയോഗിക്കാതെ അവശേഷിക്കുന്ന രസീതുകൾ ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. (ഉദാ.ബുക്ക് നം.12272രസീത് നം.62മുതൽ 100 വരെ, ബുക്ക് നം 7345 രസീത് നം. 15 മുതൽ 100 വരെ)

3. നിർവ്വഹണോദ്യോഗസ്ഥർക്ക് വിതരണം ചെയ്ത രസീതുബുക്കുകൾ സാമ്പത്തിക വർഷാവസാനം തിരികെ വാങ്ങി പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. (ഉദാ.ബുക്ക് നം. 7345, 7344, 12273, 12267,12271)

കൃഷി ഓഫീസർ ഗുണഭോക്തൃവിഹിതം പിരിക്കുന്നതിനായി ഗ്രാമപഞ്ചായത്തിൽ നിന്നും 24.01.2023 ൽ കൈപ്പറ്റിയ

12268ാം നമ്പർ രസീത് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രസീത് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ കളക്ഷൻ തുകയുടേയും തുക ഒടുക്കിയതിന്റേയും കൃത്യത പരിശോധിച്ച് ബോധ്യപ്പെടുവാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. രസീത് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് റിക്വസിഷന് (1/22.11.2023) പ്രസ്തുത രസീതുബുക്കുകളിലെ തുകകൾ പഞ്ചായത്തിൽ ഹാജരാക്കി ബോധ്യമായതിനു ശേഷമാണ് തുക വരവ് വെച്ച് രസീത് നൽകിയതെന്നും രസീത് ബുക്ക് ലഭ്യമായാലുടൻ ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്നും കൃഷി ഓഫീസർ മറുപടി ലഭ്യമാക്കി. രസീത് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കുന്ന മുറയ്ക്ക് പരാമർശത്തിന്മേൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

## 1-14 ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾക്കായുള്ള ടെൻഡർ ഫോറത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. 2022-23 സാമ്പത്തിക വർഷം ടെണ്ടർ ഫോമുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താതെയാണ് കരാറുകാർക്ക് വിതരണം ചെയ്തിട്ടുള്ളത്. മരാമത്ത് പ്രവൃത്തികളുടെ അടങ്കൽ തുകയ്ക്ക് അനുസരിച്ച് ടെൻഡർ ഫോറത്തിന്റെ വില 300 രൂപ മുതൽ 2000 രൂപ വരെയാണ്. ടെണ്ടർ ഫോമുകളുടെ സ്റ്റോക്കും അവയുടെ വിതരണവും കൃത്യമല്ലെങ്കിൽ ടെണ്ടർ നടപടികളിൽ ഗുരുതരമായ ക്രമക്കേടുകൾക്ക് അവസരമുണ്ടാകും. ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും ടെണ്ടർ ഫോമുകൾ വാങ്ങുന്ന മുറയ്ക്ക് അവയെ സ്റ്റോക്കിലെടുക്കുന്നതിനും അവയുടെ വിതരണം രജിസ്റ്ററിൽ രേഖപ്പെടുത്തി നീക്കി ബാക്കി വിവരങ്ങൾ കൃത്യമാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. അപാകം പരിഹരിക്കുന്നതിന് ഭരണതലനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 ലൈസൻസ് പിരിവ്-അപാകങ്ങൾ

കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ്, 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്തിന്റെ അനുമതിയില്ലാതെ മേൽ ചട്ടത്തിലെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള യാതൊന്നും തന്നെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കാൻ പാടില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ 2022-23 വർഷത്തെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പ്രകാരം 258 സ്ഥാപനങ്ങൾക്കാണ് തൻവർഷം ലൈസൻസ് അനുവദിച്ചിട്ടുള്ളത്. വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടെങ്കിലും ലിസ്റ്റ് അപൂർണ്ണമാണ്. വസ്തുനികുതി നിർണ്ണയിക്കുന്നതിനുള്ള സഞ്ചയ സോഫ്റ്റ്‌വെയറിലെ കണക്കുകൾ പ്രകാരം വാണിജ്യം, വ്യവസായം എന്നീ ഉപയോഗക്രമങ്ങളിലായി 14 വാർഡുകളിലായി 1021 കെട്ടിടങ്ങളാണ് ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുള്ളത്.

2022-23 വർഷത്തെ ലൈസൻസ് ഫീസ് പിരിവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**1. റേഷൻ കടകൾ, ക്ഷീരസംഘങ്ങൾ എന്നിവയിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നില്ല.**

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലെ ചട്ടങ്ങൾ പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകളെ തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ സാധിക്കില്ലെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ (കത്ത് നം-സി.എസ്.(എ)-9/764/19 തീയതി 22.01.2019) വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ലൈസൻസ്, തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ റേഷൻഡിപ്പോകളിൽ നിന്ന് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിലുള്ള 4 ക്ഷീരോല്പാദക സംഘങ്ങളിൽ തെള്ളിയൂർ ക്ഷീരോല്പാദക സംഘം, വാളക്കുഴി ക്ഷീരോല്പാദക സംഘം എന്നിവ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിക്കുന്നത്.

നിലവിലെ ചട്ടങ്ങൾ പ്രകാരം മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ ഈടാക്കിയശേഷം വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

2. 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കാനുള്ള അപേക്ഷ സാമ്പത്തികവർഷം അവസാനിക്കുന്നതിന് മുപ്പതു ദിവസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശം പാലിക്കപ്പെടുന്നില്ല. തൻവർഷം ലൈസൻസ് എടുത്ത 258 സ്ഥാപനങ്ങളിൽ 23 സ്ഥാപനങ്ങൾ മാത്രമാണ് സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപ് ലൈസൻസ് എടുത്തിട്ടുള്ളത്. നിയമത്തിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നുണ്ടെന്നും അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നും ഉറപ്പുവരുത്തേണ്ടതാണ്.

4. 2022-23 വർഷത്തിൽ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ സ്ഥാപനങ്ങൾ

ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ മിക്ക ലൈസൻസ് അപേക്ഷകളിലും രേഖപ്പെടുത്തിയിട്ടില്ല. ലൈസൻസ് ലഭിക്കുന്നതിനായുള്ള പല അപേക്ഷകളിലും സെക്ഷൻ ക്ലർക്കിന്റെ അന്വേഷണ റിപ്പോർട്ടും മേലുദ്യോഗസ്ഥന്റെ ശുപാർശയും സെക്രട്ടറിയുടെ അംഗീകാരവും രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അപേക്ഷകൾ സ്വീകരിക്കുന്ന സമയത്തുതന്നെ അവ പൂർണ്ണമാണോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തി മാത്രം തുടർനടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

പഞ്ചായത്ത് ചുറ്റളവിൽ പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരികയും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത തുടർ നപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. വാർഡുതലത്തിൽ വസ്തുനികുതി പിരിവ് നടത്തുന്ന ഉദ്യോഗസ്ഥർ അതാത് വാർഡുകളിൽ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെല്ലാം തന്നെ ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും, ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങളെ കണ്ടെത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-16 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കണം

ഗ്രാമപഞ്ചായത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു വരുമാന മാർഗ്ഗമാണ് തൊഴിൽ നികുതി. തൊഴിൽ നികുതി അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവുന്നില്ല. പഞ്ചായത്ത് പ്രദേശത്ത് സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ ഉൾപ്പെടെയുള്ള തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

ഗ്രാമ പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത പല സ്ഥാപനങ്ങളിലും രണ്ടോ അതിലധികമോ ജീവനക്കാർ തൊഴിലെടുക്കുന്നുണ്ട്. അവയിൽചുരുക്കം ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു മാത്രമേ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുള്ളൂ. ടി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കാത്തത് മൂലം വരുമാന നഷ്ടമുണ്ടാവുന്നുണ്ട്.

ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന തൊഴിൽനികുതി രജിസ്റ്റർ, റിട്ടേണുകൾ മുതലായ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| | | |
|---|---|---|
| 1 | സെന്റ്ട്രൽ എം.എസ്.എൽ.പി.സ്കൂൾ , തെള്ളിയൂർ | I |
| 2 | സെന്റ്.തോമസ് ഹോളോബ്രിക്സ് , എഴുമറ്റൂർ | I & II |
| 3 | തെള്ളിയൂർ ക്ഷീരോല്പാദക സഹകരണ സംഘം | I & II |
| 4 | വാളക്കുഴി ക്ഷീരോല്പാദക സഹകരണ സംഘം | I & II |
| 5 | എഴുമറ്റൂർ ക്ഷീരോല്പാദക സഹകരണ സംഘം | I & II |
| 6 | സി.എം.എൽ.പി.സ്കൂൾ , എഴുമറ്റൂർ | II |
| 7 | ദൈവസഹായം ക്വാറി | II |
| 8 | മാവേലി സ്റ്റോർ, വാളക്കുഴി | II |
| 9 | റേഷൻ കടകൾ | I & II |

2. താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| | | |
|---|---|---|
| 1 | തിരുവല്ല ഈസ്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് , വാളക്കുഴി | I & Ii |
| 2 | കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, തെള്ളിയൂർ | I & Ii |
| 3 | മുത്തൂറ്റ് ഫിൻകോർപ്പ്, തടിയൂർ | I |
| 4 | എസ്.ബി.ഐ., വാളക്കുഴി | I |
| 5 | താഴയിൽ നിധി, വെണ്ണിക്കുളം | I |
| 6 | ഫെഡറൽ ബാങ്ക് , എഴുമറ്റൂർ | I & Ii |
| 7 | ഇടയ്ക്കാട് ക്ഷീരോല്പാദക സഹകരണ സംഘം | I & Ii |
| 8 | തെള്ളിയൂർ ക്ഷീരോല്പാദക സഹകരണ സംഘം | I & Ii |
| 9 | വാളക്കുഴി ക്ഷീരോല്പാദക സഹകരണ സംഘം | I & Ii |

| | | |
|---|---|---|
| 10 | എഴുമറ്റൂർ ക്ഷീരോല്പാദക സഹകരണ സംഘം | I & Ii |
| 11 | റേഷൻ കടകൾ | Ii |

3. 2022-23സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്ത സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ എണ്ണം ലൈസൻസ് അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇവയിൽ ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | 7/58 സ്നേഹിതൻ ഇൻഡസ്ട്രീസ്, കോളഭാഗം | 7 |
| 2 | 4/244 Aഎവർഡെക്കോർ , എഴുമറ്റൂർ | 10 |
| 3 | 7/343 ദേവീസ് നിഗോറ എൽ.എൽ.പി. കൊറ്റനാട് | 6 |
| 4 | 7/59 വട്ടപ്പാറ എന്റർപ്രൈസസ് | 8 |
| 5 | 7/678 മാർവൽ ഇൻഡസ്ട്രീസ്, തടിയൂർ | 5 |
| 6 | 7/609 സെൻട്രൽ മെഡിക്കൽസ്, തടിയൂർ | 3 |
| 7 | 13/52 Aപേൾ ഫ്യൂവൽസ്, എഴുമറ്റൂർ | 5 |
| 8 | 1/47 Aനന്ദു ബ്രിക്സ് | 4 |
| 9 | 7/244 കേരള ചിപ്സ്, തടിയൂർ | 7 |
| 10 | 10/6Aമോഡേൺ ബ്രിക്സ്., വെണ്ണിക്കുളം | 4 |
| 11 | 7/219,220 കേരള സ്റ്റോഴ്സ്, തടിയൂർ | 4 |
| 12 | 7/149,150 ജനകീയ ഹോട്ടൽ സ്വാദ് | 5 |
| 13 | 10/44 പങ്കജ് ഇൻഡസ്ട്രീസ് | 3 |
| 14. | സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്, തടിയൂർ | 2 |

**4. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല**

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ നിന്നും പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു ചെയ്ത കരാറുകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ബിനു കെ എബ്രഹാം

2 അനിൽ കുമാർ വി.ബി

3. റെന്നി കുര്യൻ

4. അശ്വിൻ എബ്രഹാം മാത്യു

5. പ്രസാദ് എ്

6. ജോൺ തോമസ്

7.കെ.ഒ.സാബു

9. അനൂപ് ജെ.ഗീവർഗ്ഗീസ്

10 . ടോബി ഫിലിപ്പ് തമ്പി

11. രമേഷ് കെ.കെ

12 . ജയകൃഷ്ണൻ ഗോപിനാഥൻ നായർ

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു.മേൽപ്പറഞ്ഞ കരാറുകാർ മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുകയോ, അല്ലാത്തപക്ഷം ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടച്ച് ആയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കുകയോ ചെയ്യേണ്ടതാണ്.

**5. സ്വയം തൊഴിൽ ചെയ്യുന്നവരിൽനിന്ന് നികുതി ഈടാക്കിയിട്ടില്ല**

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്തോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്തിനു പുറത്തോ വിവിധ സ്വയം

തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരിൽനിന്ന് തൊഴിൽനികുതി പിരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ആധാരമെഴുത്തുകാർ, അഭിഭാഷകർ, ഡോക്ടർമാർ, വാണിജ്യ വാഹന ഉടമകൾ, കേബിൾ ടി വി ഓപ്പറേറ്റർമാർ, പത്ര ഏജന്റുമാർ തുടങ്ങി നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ വലിയൊരു വിഭാഗം ആളുകൾ നിലവിൽ തൊഴിൽനികുതി അടയ്ക്കാതിരിക്കുന്നത് പഞ്ചായത്ത് നികുതി ഡിമാൻഡ് ചെയ്യാത്തതിനാലാണ്. പഞ്ചായത്ത് രാജ് നിയമങ്ങൾ, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി കൃത്യമായി അസ്സസ്സ് ചെയ്യുന്നതിനും അസ്സസ്സ് ചെയ്ത നികുതി തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-17 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക-328747/-രൂപ

മൊബൈൽ ടവറുകളുടെ 2022-23 സാമ്പത്തിക വർഷം വരെയുള്ള വസ്തു നികുതി കണക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന പരിശോധിച്ചപ്പോൾ താഴെ പറയുന്ന ടവർ ഉടമകൾ 328747/- രൂപ കുടിശ്ശിക വരുത്തിയിട്ടുള്ളതായി കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നമ്പർ/ കെട്ടിട നമ്പർ | മൊബൈൽ ടവറിന്റെ പേര് | കുടിശ്ശിക കാലയളവ്/ തുക |
|---|---|---|---|
| 1 | 5/1/MT | ഡിഷ്നെറ്റ് വയർലസ്സ് ലിമിറ്റഡ് | 2013-14 മുതൽ 2022-23 വരെ 195861/- രൂപ |
| 2 | 9/1 | എസ്സാർ ടെലികോം ലിമിറ്റഡ് | 2021-22 മുതൽ 2022-23 വരെ 97102/- രൂപ |
| 3 | 7/1 | റിലയൻസ് ഇൻഫോകോം ലിമിറ്റഡ് | 2020-21 മുതൽ 2022-23 വരെ 35784/- |
| | | ആകെ | 328747/- രൂപ |

ഈ വിഷയത്തിൽ ഓഡിറ്റ് എൻക്വയറി (നം.21/27.11.2023) നൽകിയതിനു മറുപടിയായി, കുടിശ്ശിക തുക ഈടാക്കുന്നതിന് റെവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. നടപടികളുടെ പുരോഗതി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമല്ല

ഗ്രാമപഞ്ചായത്ത് 2017-18 മുതൽ 2022-23 വരെയുള്ള കാലയളവിൽ നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ ഏജൻസികളിൽ ചുവടെ ചേർക്കും പ്രകാരം തുക നിക്ഷേപിക്കുകയുണ്ടായി. പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ

സാക്ഷ്യപത്രം, വർക്ക് ബിൽ എന്നിവ ലഭിച്ചിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ഹാജരാക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/2022-23, തീയതി:25-11-2023) ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | നിക്ഷേപിച്ച ഏജൻസി | നിക്ഷേപിച്ച തുക | സ്ഥാപനം ലഭ്യമാക്കിയ മറുപടി |
|---|---|---|---|---|
| 1 | **2017-18** തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | KSEB | 127200/- | പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്ന് വാർഡ് മെമ്പർ അറിയിച്ചിട്ടുണ്ടെന്നും യു.സി. ലഭിക്കുന്നതിന് നടപടി സ്വീകരിച്ച് ഓഡിറ്റിൽ ഹാജരാക്കു- ന്നതാണെന്നും മറുപടി ലഭ്യമാക്കി. |
| 2 | വാളക്കുഴി പറങ്കാമൂട്ടിൽ സ്ട്രീറ്റ് | KSEB | 100000/- | ,, |

| | | | | |
|---|---|---|---|---|
| | ലൈൻ നീട്ടൽ | | | |
| 3 | വാർഡ് 14-ലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | KSEB | 132000/- | ,, |
| 4 | വാർഡ് 6-ലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | KSEB | 99960/- | ,, |
| 5 | ചുഴന ലക്ഷം വീട് കോളനി പൈപ്പ്ലൈൻ നീട്ടൽ | KWA | 2550000/- | ,, |
| 6 | **2018-19** വാർഡ് 1-ലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | KSEB | 231000/- | ,, |
| 7 | മട്ടക്കപ്പുഴ-ഇണ്ടനാട് ചുഴന കോളനി സ്ട്രീറ്റ് ലൈൻ നീട്ടൽ | KSEB | 50000/- | ,, |
| 8 | വാർഡ് 11-ലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | KSEB | 100000/- | ,, |
| 9 | അഞ്ചാനിൽ-നാരകത്താനി റോഡിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | KSEB | 70800/- | ,, |
| 10 | പ്രിയദർശിനി വേങ്ങഴത്തടം റോഡിൽ പോസ്റ്റ് സ്ഥാപിക്കൽ, സ്ട്രീറ്റ് ലൈൻ നീട്ടൽ | KSEB | 50882/- | ,, |
| 11 | വാർഡ് 8-ലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | KSEB | 49960/- | ,, |
| 12 | **2019-20** വാർഡ് 2-ലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | KSEB | 100000/- | ,, |
| 13 | വാർഡ് 3-ലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | KSEB | 49560/- | ,, |
| 14 | വാർഡ് 9-ലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | KSEB | 65926/- | ,, |
| 15 | വാർഡ് 14-ലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | KSEB | 49980/- | ,, |
| 16 | **2020-21** വാഴക്കാല പെരുമ്പാറ | KSEB | 29750/- | ,, |

| | | | | |
|---|---|---|---|---|
| | റോഡിൽ അവശേഷിക്കുന്ന ഭാഗത്ത് സ്ട്രീറ്റ് മെയിൻ വലിക്കൽ | | | |
| 17 | 8-ാം വാർഡിലെ വള്ളിക്കാല കോളഭാഗം റോഡിൽ വൈദ്യുതി ലൈൻ നീട്ടൽ | KSEB | 107100/- | „ |
| 18 | വാർഡ് 10-ലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | KSEB | 79730/- | „ |
| 19 | വിവിധ വാർഡുകളിൽ കുടിവെള്ള പദ്ധതി | KWA | 2300000/- | „ |
| 20 | **2021-22**<br>തെള്ളിയൂർ പി.എച്ച്.സി-യിലേക്ക് 3 ഫേസ് കണക്ഷൻ | KSEB | 18387/- | „ |
| 21 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | KSEB | 15947/- | „ |
| 22 | **2022-23**<br>തെരുവ് വിളക്ക് ലൈനുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിന് തുക നൽകൽ (114/23) | KSEB | 2,62,668/- | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 23 | 1, 2 വാർഡുകൾക്കായി മാക്കാട് ഭാഗത്ത് കുഴൽ കിണർ നിർമ്മാണം (2/23 | GWD | 1,00,000/- | പ്രവൃത്തി നടപ്പിലാക്കേണ്ടിയിരുന്ന സ്ഥലം പൊതുസ്ഥലമല്ല എന്ന തർക്കം നിലനിൽക്കുന്നതിനാൽ പുതിയ സ്ഥലം കണ്ടെത്തി നൽകുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |
| 24 | കുമ്പംകുളം പടി കുഴൽ കിണർ നിർമ്മാണം വാർഡ് 3 (18/23) | GWD | 1,00,000/- | പ്രവൃത്തി നടന്നുവരുന്നു |
| 25 | വാർഡ് 14 ലെ വേങ്ങഴ ഭാഗത്ത് പുതിയ കുഴൽകിണർ നിർമ്മാണം (19/23) | GWD | 1,03,000/- | പ്രവൃത്തി നടപ്പിലാക്കേ-ണ്ടിയിരുന്ന സ്ഥലം പൊതുസ്ഥലമല്ല എന്ന തർക്കം നിലനിൽക്കുന്നതിനാൽ പുതിയ സ്ഥലം കണ്ടെത്തി നൽകുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |

പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രവും അനുബന്ധരേഖകളും ശേഖരിക്കുന്നതിന് സ്ഥാപനം ആത്മാർത്ഥത കാണിക്കുന്നില്ലായെന്ന് മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള മാറുപടിയിൽ നിന്ന് വ്യക്തമാണ്. കൂടാതെ പ്രവൃത്തി പൂർത്തിയാക്കി മിച്ചമുള്ള തുക തിരികെ വാങ്ങിയെടുക്കുന്നതിനും ശ്രമം ഉണ്ടാകുന്നില്ല. ഈ വിഷയത്തിൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും തങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള ഉത്തരവാദിത്തവും കടമയും അങ്ങേയറ്റം പുലർത്തേണ്ടതായിട്ടുണ്ട്.

## 1-19 കാലഹരണപ്പെട്ട നിക്ഷേപം പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 144 പ്രകാരം ഇലക്ഷൻ നിക്ഷേപം തിരിച്ചു നൽകുകയോ കണ്ടുകെട്ടുകയോ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്നു. തെരഞ്ഞെടുപ്പു ഫലം പ്രഖ്യാപിച്ച ശേഷം 3 മാസത്തിനകം നിക്ഷേപം തിരിച്ചു നൽകേണ്ടതും 144(4) പ്രകാരം തിരിച്ചു നൽകാത്ത നിക്ഷേപം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതുമാണ്. 31.03.2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം ഇലക്ഷൻ നിക്ഷേപം ഇനത്തിൽ 38,500 രൂപ അവശേഷിക്കുന്നുണ്ട്.

2) 2022-23 ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ഏകദേശം 3 മുതൽ 5 വർഷങ്ങൾക്ക് മുൻപ് ലഭ്യമായ നിക്ഷേപങ്ങൾ വരെ നിലവിൽ ക്യാരി ഓവർ ചെയ്തുവരുന്നതായി കാണുന്നു. പ്രോജക്ട് അല്ലെങ്കിൽ ഉദ്ദേശ്യം പൂർത്തിയാക്കിയ ശേഷവും 3 വർഷത്തിലധികമായി ക്ലെയിം ചെയ്യപ്പെടാത്ത വാടക നിക്ഷേപം ഒഴികെയുള്ള നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് ഭരണസമിതിയുടെ അനുമതിയോടുകൂടി മുതൽക്കൂട്ടി പഞ്ചായത്തിന്റെ ബാധ്യത ഒഴിവാക്കാമായിരുന്നു (Kerala Financial Code Vol-1, Article-282). കാലഹരണപ്പെട്ട നിക്ഷേപം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി പഞ്ചായത്ത് ഫണ്ടിന്റെ ബാധ്യത കണക്കിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

## 1-20 സംയുക്ത പദ്ധതികൾക്ക് ലഭിക്കുന്ന ഫണ്ടുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു

വാർഷിക ധനകാര്യ പത്രിക പ്രകാരം സംയുക്ത പദ്ധതികളുടെ നിർവഹണത്തിനായി ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച തുകയിൽ 38,81,715 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ക്രമ നം | വിവരണം | തുക |
|---|---|---|
| 1 | Contribution For Joint Venture Projects For Revenue Exp. (Block Panchayat) | 9,55,404 |
| 2 | Contribution For Other Specific Purpose ((Block Panchayat) | 20,00,000 |
| 3 | Contribution For Joint Venture Projects For Revenue Exp. (Dist. Panchayat) | 9,26,311 |
| | Total | 38,81,715 |

പ്രസ്തുത തുക ഏതൊക്കെ കാലയളവിൽ ഏതൊക്കെ പദ്ധതികൾക്ക് ലഭിച്ചതാണെന്നുള്ള വിവരം അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.24/2022-23, തീയതി: 27-11-2023) മറുപടി ലഭ്യമാക്കിയില്ല. സംയുക്ത പ്രോജക്ടുകളുടെ വിഭവ വിനിയോഗത്തിന് 23.01.2017-ലെ ജി.ഒ.(പി.)നം.07/2017/ധന. നമ്പർ ഉത്തരവ് മുഖേന ധനവകുപ്പ് പുറപ്പെടുവിച്ച മാർഗ്ഗരേഖ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ലഭിക്കുന്ന തുക അതേവർഷം ചെലവഴിക്കാൻ കഴിയില്ലെങ്കിൽ ഫെബ്രുവരി 28-നകം തുക നൽകിയ തദ്ദേശഭരണ സ്ഥാപനത്തിന് തിരികെ നൽകണം. കൂടാതെ അക്കൗണ്ടിൽ ചെലവാകാതെ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. തുക ചെലവഴിക്കാനാകാത്ത സാഹചര്യത്തിൽ സർക്കാർ നിർദ്ദേശ പ്രകാരമുള്ള തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-21 ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ

(1) പ്രോജക്ട്/ പേര്/നം.

വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനവും , ഓട്ടോറിക്ഷാ നൽകലും (102/22-23)

പ്രോജക്ട് പ്രകാരം ശ്രീമതി ലിൻസി തോമസ് എന്ന ഗുണഭോക്താവിന് 54700 രൂപ ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ ടിയാൾക്ക് ലോൺ ലഭിച്ചതിന്റെയോ, വാഹനം വാങ്ങിയതിന്റെയോ രേഖകൾ ഹാജരാക്കാതെയും ഗുണഭോക്താവുമായി മുദ്രപത്രത്തിലുള്ള കരാർ ചമയ്ക്കാതെയുമാണ് തുക നൽകിയിരിക്കുന്നത്. പത്തനംതിട്ട വാര്യാപുരം സ്റ്റാർ മോട്ടോഴ്സിന് ടി ഗുണഭോക്താവ് 50000 രൂപ നൽകിയതിന് സ്ഥാപനം നൽകിയ രസീത് (1686/04.03.23) ഹാജരാക്കിയിട്ടുണ്ട്. ബിൽ നം 17986/28.03.23 പ്രകാരം ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് വികസനഫണ്ടിൽ നിന്നും 50000രൂപയും, മീറ്റർ വാങ്ങിയതിന്റെ ബില്ലുകളുടെ അടിസ്ഥാനത്തിൽ 4700 രൂപ തനതുഫണ്ടിൽ (ബിൽ നം. 344/24.03.23) നിന്ന് നൽകുകയും ചെയ്തു. സ്ഥാപനം നൽകിയ 50000 രൂപയുടെ കൈപ്പറ്റ് രസീത് കൂടാതെ ഓട്ടോറിക്ഷയുടെ ഫോട്ടോഗ്രാഫും ഹാജരാക്കിയിട്ടുണ്ട്. നിലവിൽ ഗുണഭോക്താവ് ജീവിതോപാധിയായി ഓട്ടോ ഉപയോഗിക്കുന്നുവെന്ന് നിർവഹണോദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ടെങ്കിലും പൊതുപണം കൈകാര്യം ചെയ്യുമ്പോഴുണ്ടാകേണ്ട ജാഗ്രത ടി പ്രോജക്ട് നിർവഹണത്തിൽ ഉണ്ടായിട്ടില്ല. ആയതിനാൽ ടാക്സ് ഇൻവോയ്സ് ഹാജരാക്കാതെ ഗുണഭോക്താവിന് നൽകിയ 50000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഓട്ടോറിക്ഷ ലോൺ മുഖേന വാങ്ങിയതാണെങ്കിൽ ബാങ്കിൽ നിന്ന് തുക സ്റ്റാർ മോട്ടോഴ്സിന്റെ അക്കൗണ്ടിലേക്ക് നൽകിയതിന്റെയും, സ്റ്റാർ

മോട്ടേഴ്സിന്റെ 2022-23 ലെ ഇൻവോയ്സും, വാഹനത്തിന്റെ ആർ.സി ബുക്കിന്റെ വിശദാംശങ്ങളും ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

(2) ഭിന്നശേഷി വനിതകൾക്ക് പെട്ടിക്കട (193/22-23)

ചെലവ് തുക – 95200

രണ്ട് പെട്ടിക്കടകൾ ആകെ 47600 രൂപ വിലയിൽ ക്വട്ടേഷൻ മുഖേന വാങ്ങി ശ്രീമതി അന്ന, വട്ടലമുരുപ്പേൽ, ശ്രീമതി സാലി ഒ.പി. ഒറ്റപ്ലാക്കൽ വീട് എന്നീ രണ്ട് അർഹരായ ഭിന്നശേഷിക്കാരായ വനിതകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്തത് തമ്പുരാൻ കാലായിൽ എന്ന സ്ഥാപനമാണ്. ടി സ്ഥാപനത്തെ മറ്റ് പഞ്ചായത്തുകൾ ഒഴിവാക്കുന്നുണ്ട്, എന്ന ഐ.സി.ഡി.എസ് സൂപ്പർ വൈസറുടെ അഭിപ്രായം പരിഗണിച്ച് ഒഴിവാക്കി. രണ്ടാമത്തെ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനമായ ജോജിൻ ഇൻടസ്ട്രീസിന്റെ ക്വട്ടേഷൻ അംഗീകരിച്ച് വർക്ക് ഓർഡർ നൽകി. എന്നാൽ പെട്ടികടകളുടെ വില നൽകിയത് എൻജിനീയറിംഗ് വിഭാഗത്തിന്റെ വാല്യൂവേഷൻ കൂടാതെയാണ്. കൂടാതെ പെട്ടിക്കടകൾ ഗുണഭോക്താക്കൾക്ക് നൽകിയപ്പോൾ അവരിൽ നിന്ന് മുദ്രപ്പത്രത്തിലുള്ള കരാർ വാങ്ങിയില്ല.
ക്വട്ടേഷനിൽ കുറവ് ക്വാട്ട് ചെയ്ത ഒരു സ്ഥാപനത്തെ ഒഴിവാക്കുമ്പോൾ അതിനുള്ള കാരണം, രേഖാമൂലമുള്ളതായിരിക്കുന്നതാണ് ഉചിതം. ഭാവിയിൽ ഇത്തരം പ്രോജക്ട് നിർവഹിക്കുമ്പോൾ മാർഗരേഖയിൽ നിർദേശിച്ചിരിക്കുന്ന പ്രകാരം വാല്യൂവേഷൻ ലഭ്യമാക്കേണ്ടതും, ഗുണഭോക്താക്കളുമായി കരാർ വയ്ക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 22/27.11.23)

## 1–22 ഫെസ്റ്റിവൽ അഡ്വാൻസ്- 16000 രൂപ തിരികെ ലഭിച്ചില്ല

2022 വർഷം ഫെസ്റ്റിവൽ അഡ്വാൻസ് കൈപ്പറ്റിയ ശ്രീ. സ്മിജിത് ഫ്ലെച്ചർ, ഹെഡ് ക്ലാർക്ക് 16,000 രൂപ തിരികെ ഒടുക്കാനുള്ളതായി വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഈ തുക പിന്നീട് ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം അറിയിക്കുവാനായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം. 02/2022-23, തീയതി: 21-11-2023). ജീവനക്കാരന് സ്ഥലംമാറ്റം ലഭിച്ച പഞ്ചായത്തിൻ നിന്നും നാളിതുവരെ തുക തിരികെ ഒടുക്കിയിട്ടില്ലായെന്ന് മറുപടി ലഭ്യമാക്കുകയുണ്ടായി.

ഫെസ്റ്റിവൽ അഡ്വാൻസ് അനുവദിച്ചുകൊണ്ടുള്ള ഉത്തരവിൽ, കൈപ്പറ്റുന്ന തുക 5 തുല്യ ഗഡുക്കളായി ഈടാക്കേണ്ടതാണെന്നും ആയത് ഫെബ്രുവരി 2023-നകം അടച്ച് തീർക്കേണ്ടതുമായിരുന്നു. തുക അടിയന്തിരമായി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1–23 സ്മാർട്ട് ഗാർബേജ് മോണിറ്ററിങ്ങ് സിസ്റ്റം– പദ്ധതി പ്രവർത്തനങ്ങൾക്ക് വേഗത കൂട്ടേണ്ടതാണ്

നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി ശുചിത്വമിഷന്റെയും ഹരിത കേരളം മിഷന്റെയും മേൽനോട്ടത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ, തദ്ദേശസ്ഥാപനതലം മുതൽ സംസ്ഥാനതലം വരെയുള്ള ഏകീകൃത നിരീക്ഷണത്തിനായി തയ്യാറാക്കിയതാണ് ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം ആപ്ലിക്കേഷൻ.

സ്മാർട്ട് ഗാർബേജ് മോണിറ്ററിങ്ങ് സിസ്റ്റം നടപ്പിലാക്കുന്നതിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വികസന ഫണ്ടിൽ നിന്നും 2,04,900 രൂപ കെൽട്രോണിന് നൽകുകയുണ്ടായി (പ്രോജക്ട് നം : 177/23). ലാപ്ടോപ്പ്, QR കോഡ് പ്രിന്റിങ്ങ് എന്നിവയ്ക്ക് 62,000 രൂപയും, സർവീസ് ചാർജ്, SMS ചാർജ് എന്നിവയ്ക്കായി 1,42,900 രൂപയുമാണ് കെൽട്രോണിൽ ഒടുക്കിയത്.

ഹരിത മിത്രം പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നതാണ്.

- ആധുനിക സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ സേവനങ്ങൾ സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പൊതുജനങ്ങളിലും അവബോധം സൃഷ്ടിക്കുക.
- ഹരിതമിത്രം സ്മാർട്ട് മോണിറ്റർ സിസ്റ്റത്തിന് ഉപയോക്താക്കളായി സംസ്ഥാനത്തെ എല്ലാ ഗാർഹിക, സ്ഥാപനം ഉടമകളെയും മാറ്റുക.
- ശുചിത്വ മാലിന്യസംസ്കരണ സേവനങ്ങൾ, അവയുടെ മോണിറ്ററിംഗ് എന്നിവ വിരൽ തുമ്പിൽ ലഭ്യമാക്കുക.

പദ്ധതിയുടെ നിലവിലെ പുരോഗതി, വീട്ടുകൾ/സ്ഥാപനങ്ങൾ എന്നിവയിൽ QR കോഡ് പതിച്ചതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/2022-23 തീയതി: 23-11-2023), പദ്ധതിയുടെ ഭാഗമായി 59% QR കോഡുകൾ പതിപ്പിച്ചിട്ടുണ്ടെന്നും (വീട്ടുകൾ- 3568, സ്ഥാപനം343) പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണെന്നും 2023-24 സാമ്പത്തിക വർഷം പദ്ധതി തുടരുന്നതായും അറിയിക്കുകയുണ്ടായി. പദ്ധതി പ്രവർത്തനങ്ങളുടെ വേഗത വർദ്ധിപ്പിച്ച് മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ

ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-24 വിനിയോഗം കുറവ്-മെയിന്റനൻസ് ഗ്രാന്റ് 58.32 ലക്ഷം രൂപ ലാപ്സായി

വിനിയോഗത്തിലെ കുറവ് മൂലം റോഡ്/റോഡിതര ആസ്തികളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി ഉപയോഗിക്കാമായിരുന്ന 58.32 ലക്ഷം രൂപ 2022-23 വർഷം ഗ്രാമപഞ്ചായത്തിന് നഷ്ടമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ലഭിച്ച തുക | ചെലവഴിച്ച തുക | ലാപ്സായത് | ആവിഷ്കരിച്ച പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ |
|---|---|---|---|---|---|
| റോഡ് | 4868000 | 1561679 | 3306321 | 15 | 6 |
| നോൺ റോഡ് | 4994000 | 2467930 | 2526070 | 28 | 22 |
| ആകെ | 9862000 | 4029609 | 5832391 | 43 | 28 |

ആകെ ലഭ്യമായ ഫണ്ടിന്റെ 40.86% മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്. സർക്കാരിന്റെ പുതുക്കിയ മാനദണ്ഡ പ്രകാരം (സ.ഉ.(കൈ)നം.79/2021/ധന., തീ. 15.07.2021), ചെലവഴിക്കാത്ത തുക പൂർണ്ണമായും ക്യാരി ഓവർ ചെയ്ത് ലഭിക്കില്ല. മുൻ സാമ്പത്തിക വർഷം അനുവദിച്ച ഫണ്ടിന്റെ പരമാവധി 20 ശതമാനം വരെ മാത്രമേ ക്യാരി ഓവർ ചെയ്യാൻ അനുവദിക്കുകയുള്ളൂ.

വിനിയോഗത്തിലെ കുറവ് മൂലം 58.32 ലക്ഷം രൂപ പഞ്ചായത്തിന് നഷ്ടമായത് ഗൗരവതരമായി കാണേണ്ടതാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണ സമിതിയുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു. മെയിന്റനൻസ് ഗ്രാന്റുകളുടെ വിനിയോഗം കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 കരാർ ചമച്ച പ്രവൃത്തികൾ നാളിതുവരെ ആരംഭിക്കാത്ത കരാറുകാരനെതിരെ തുടർ നിയമനടപടികൾ സ്വീകരിച്ചില്ല.

മുൻ സാമ്പത്തിക വർഷത്തിൽ കരാർ ഏറ്റെടുത്ത താഴെപ്പറയുന്ന പ്രവൃത്തികൾ നാളിതുവരെ ആരംഭിച്ചിട്ടില്ല. കരാർ ഉടമ്പടി പ്രകാരമുള്ള യാതൊരു തുടർനടപടികളും കരാർ ലംഘനം നടത്തിയ കരാറുകാരനെതിരെ സ്വീകരിച്ചിട്ടില്ല. പ്രവൃത്തികളുടെ വിവരം ചുവടെ കൊടുക്കുന്നു.

**1) <u>പദ്ധതിയുടെ പേര് - PHC സാനിറ്ററി കോംപ്ലക്സ് നിർമ്മാണം - തെള്ളിയൂർ</u>**
പ്രോജക്ട് നം: 112/ 21-22 / SO/43/22-23
അടങ്കൽ : 600000/-
കരാറുകാരൻ : സുനിൽ MG
കരാർ നം : 39 / AE / Lsgd / Ezmr / 21-22 :26-11-2021
അംഗീകരിച്ച നിരക്ക് : 530302 . 28
സ്ഥലം ഏറ്റെടുത്ത തീയതി : 26-11-2021
പൂർത്തീകരിക്കേണ്ട കാലാവധി : 8 മാസം .

തെള്ളിയൂർ പി എച് സി സാനിട്ടറി കോംപ്ലക്സ് നിർമ്മാണത്തിനായി 26-11-2021 ൽ കരാർ ചമച്ച നിർമ്മാണ പ്രവൃത്തി ടി വർഷം ആരംഭിച്ചില്ല. തുടർന്ന് 2022-23 വർഷം സ്പിൽഓവർ ആക്കിയതിന് ശേഷവും നിർമ്മാണ സ്ഥലം ഏറ്റെടുത്ത് പ്രവൃത്തി ആരംഭിക്കുവാൻ കരാറുകാരൻ തയ്യാറായിട്ടില്ല.

**2) പ്രോജക്ടിന്റെ പേര് - PHC ദ്രവ മാലിന്യ സംസ്കരണ സംവിധാനം - തെള്ളിയൂർ**
പ്രോജക്ട് നം: 119/ 21-22/SO48/22-23
അടങ്കൽ : 250000/-
നിരക്ക് : 92000 / -
കരാറുകാരൻ : സുനിൽ MG
കരാർ നം : 59 / AE / Lsgd / Ezmr / 21-22
അംഗീകരിച്ച PAC : 81990.51
Site ഏറ്റെടുത്ത തിയതി : 17-03-2022
പൂർത്തീകരിക്കേണ്ട കാലാവധി : 6 മാസം .
കരാർ വ്യവസ്ഥകളും പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളും അനുസരിച്ച് കരാർ ഉടമ്പടി പ്രകാരം പ്രവർത്തി പൂർത്തീകരിക്കുന്നതിൽ കരാറുകാരൻ വീഴ്ച വരുത്തുകയാണെങ്കിൽ നിയമാനുസൃതം നോട്ടീസ് നൽകി 14 ദിവസങ്ങൾക്ക്

ശേഷം കരാർ റദ്ദാക്കാവുന്നതും മറ്റൊരു കരാറുകാരൻ വഴി പ്രവൃത്തി പൂർത്തീകരിക്കാവുന്നതുമാണ്. അങ്ങനെ ചെയ്യുമ്പോൾ ഉണ്ടാകുന്ന അധിക ചെലവ് മുഴുവൻ കരാറുകാരന്റെ ബിൽ തുകയിൽ നിന്നും ജാമ്യ നിക്ഷേപത്തിൽ നിന്നും സ്ഥാവര ജംഗമ സ്വത്തുക്കളിൽ നിന്നും വസൂലാക്കാവുന്നതാണ്. കൂടാതെ കരാറുകാരന്റെ ലൈസൻസ് റദ്ദ് ചെയ്യാവുന്നതും കുറഞ്ഞത് 5 വർഷത്തേയ്ക്ക് പ്രവർത്തികൾ ഏറ്റെടുക്കുന്നതിൽ നിന്ന് വിലക്കാവുന്നതുമാണ്. എന്നാൽ ഇപ്രകാരമുള്ള ഒരു നടപടിക്രമവും ടി പ്രവർത്തികളുടെ സംഗതിയിൽ ഉണ്ടായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 6/22.11.23) അസി. എഞ്ചിനീയർ സമർപ്പിച്ച മറുപടിയിൽ **PHC സാനിറ്ററി കോംപ്ലക്സ് നിർമ്മാണം – തെള്ളിയൂർ പ്രോജക്ട് ഡ്രോപ്പ് ചെയ്തിട്ടില്ലാത്തതാകുന്നു എന്നും, PHC ദ്രവ മാലിന്യ സംസ്കരണ സംവിധാനം – തെള്ളിയൂർ** എന്ന പദ്ധതി മാലിന്യ സംസ്കരണ പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തി ആയതിനാൽ ഡ്രോപ്പ് ചെയ്യുവാൻ കഴിയുകയില്ല എന്നുമാണ് പറഞ്ഞിട്ടുള്ളത് . ഓഡിറ്റ് എൻക്വയറിയ്ക്കുള്ള കൃത്യമായ മറുപടിയല്ല ലഭ്യമാക്കിയിട്ടുള്ളത്.

കരാറുകാരന്റെ നിരതദ്രവ്യവും ജാമ്യനിക്ഷേപവും കണ്ടുകെട്ടി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടി വിവരം അറിയിക്കേണ്ടതാണ്.

## 1-26 പൊതുടാപ്പുകളുടെ വെള്ളക്കരം- പഞ്ചായത്തിന് അധിക ബാധ്യത

209 പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 2023 ഫെബ്രുവരി മാസത്തിലെ ഡിമാന്റ് തുകയായ 100808 രൂപയാണ് അവസാനമായി ഗ്രാമപഞ്ചായത്തിൽ നിന്നും അടവാക്കിയിട്ടുള്ളത്. കേരള വാട്ടർ അതോറിറ്റിയുടെ പൂർണ്ണ നിയന്ത്രണത്തിലുള്ള കുടിവെള്ള വിതരണ പദ്ധതിയിൽ നിന്നുമാണ് ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലെയും കുടിവെള്ള ടാപ്പുകൾ സ്ഥാപിച്ചിട്ടുള്ളത്. എന്നാൽ ഇവയിൽ ഭൂരിഭാഗവും പ്രവർത്തനരഹിതവും ഉപയോഗശൂന്യവുമായതിനാൽ സംയുക്ത പരിശോധന നടത്തുന്നതിന് പഞ്ചായത്ത് ഭരണസമിതി തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ പി.എച്ച് ഡിവിഷൻ, തിരുവല്ലയ്ക്ക് കത്ത് നൽകുകയും ചെയ്തെങ്കിലും നടപടികൾ സ്വീകരിച്ചിരുന്നില്ല. മേൽ സാഹചര്യത്തിൽ 2/2023 ൽ ജൽജീവൻ പദ്ധതിയുടെ അവലോകന യോഗത്തിൽ പഞ്ചായത്ത് പ്രസിഡന്റ് വിഷയം അവതരിപ്പിച്ചു. ആയത് പ്രകാരം 01.08.2023 ൽ അസി.എഞ്ചിനീയർ പി.എച്ച് ഡിവിഷൻ പുല്ലാട്, സംയുക്ത പരിശോധന നടത്തുകയും 125 ടാപ്പുകൾ നിലവിലുള്ളതിൽ 55 എണ്ണം ജെ.ജെ.എം.പദ്ധതി പ്രകാരം വിച്ഛേദിക്കപ്പെട്ടിട്ടുള്ളതായും ഉപയോഗശൂന്യമായ 55 ടാപ്പുകൾ ഉള്ളത് വിച്ഛേദിക്കുന്നതിനായി 127000/-രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുകയും ചെയ്തിട്ടുണ്ട്.

സർക്കാർ നിർദ്ദേശ പ്രകാരം കാലാകാലങ്ങളിൽ സംയുക്ത പരിശോധന നടത്തി പ്രവർത്തനരഹിതമായ പൊതുടാപ്പുകളുടെ വെള്ളക്കരം ഒഴിവാക്കുന്ന കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാതിരുന്നതിനാൽ വർഷങ്ങളായി നിലവിലില്ലാത്ത പൊതുടാപ്പുകൾക്കായിരുന്നു പഞ്ചായത്ത് വെള്ളക്കരം നൽകി വന്നിരുന്നത്. 2023 ഫെബ്രുവരി മാസം വരെ 100808 രൂപയായിരുന്ന ഡിമാന്റ് തുക മാർച്ച് മാസത്തോടെ 253569 രൂപയായി ഉയർന്നു. യഥാസമയം സംയുക്ത പരിശോധന നടത്തി പ്രവർത്തന രഹിതമായ ടാപ്പുകൾ ഒഴിവാക്കാതിരുന്നത് മൂലം വെള്ളക്കര കുടിശ്ശികയിനത്തിൽ ലക്ഷങ്ങൾ പഞ്ചായത്തിന്റെ ബാധ്യതയായി മാറിയിരിക്കുകയാണ്. 2023 നവംബർ മാസവും 70 ടാപ്പുകളുടെ തുകയാണ് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിരിക്കുന്നത്. 32,95106 രൂപയാണ് നവംബർ മാസത്തെ കുടിശ്ശിക. തനത് ഫണ്ട് പൊതുവെ കുറവായ ഗ്രാമപഞ്ചായത്തിൽ അനാവശ്യ ചെലവുകൾ കുറയ്ക്കുന്നതിന്റെ ഭാഗമായി എല്ലാ ഉണഭോക്താക്കൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് പൊതുടാപ്പുകൾ പൂർണ്ണമായും റദ്ദ് ചെയ്യുന്നതിനും വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള ഫീസ് അടവാക്കുന്നതിനും (55 ടാപ്പ് വിച്ഛേദിക്കുന്നതിനുള്ള ഫീസ്) കർശന നടപടി സ്വീകരിക്കേണ്ടതും തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. ടി വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| കോയിപ്രം ബ്ലോക്ക്പഞ്ചായത്ത് | 55,989 | വന്യമൃഗങ്ങളിൽ നിന്നും കൃഷി സംരക്ഷണം (130/23) | 55,989 | ഇല്ല |
| ,, | 1,50,000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (93/23) | 1,50,000 | ,, |
| ,, | 1,50,000 | അങ്കണവാടി പോഷകാഹാര പദ്ധതി (എസ് 23/23) | 1,50,000 | ,, |
| ,, | 1,00,000 | ആതിദാരിദ്ര്യ മൈക്രോപ്ലാൻ (171/23) | ഇല്ല | 1,00,000 |
| ,, | 13,00,000 | ലൈഫ് ഭവന പദ്ധതി-ജനറൽ (82/23) | 13,00,000 | ,, |
| ,, | 7,20,000 | ലൈഫ് ഭവന പദ്ധതി-എസ്.സി.പി (165/23) | 7,20,000 | ,, |
| ,, | 2,00,000 | ലൈഫ് ഭവന പദ്ധതി-വസ്തു വാങ്ങൽ (87/23) | 2,00,000 | ,, |
| ,, | 2,16,000 | ലൈഫ് ഭവന പദ്ധതി-എസ്.സി.പി (187/13) | 2,16,000 | ,, |
| ,, | 3,50,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (90/23 | 3,50,000 | ,, |
| ജില്ലാ പഞ്ചായത്ത് | 15,00,000 | ഇടവിള കിറ്റ് വിതരണം (178/23) | 15,00,000 | ,, |
| ,, | 2,46,470 | പാലിയോറ്റീന് പരിചരണം (26/23) | 2,46,470 | ,, |
| ,, | 2,00,000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (93/23) | 2,00,000 | ,, |
| ,, | 2,50,000 | അങ്കണവാടി പോഷകാഹാര പദ്ധതി (23/23) | 2,50,000 | ,, |
| ,, | 9,60,000 | ലൈഫ് ഭവന പദ്ധതി-എസ്.സി.പി. (165/23) | 9,60,000 | ,, |
| ,, | 2,50,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (90/23 | 2,50,000 | ,, |
| ,, | 5,00,000 | ആഗതി രഹിത കേരളം-ആശ്രയ പദ്ധതി (116/23) | 5,00,000 | ,, |

## 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് (പ്രോജക്ട് നം.) | ഏജൻസി | തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് |
|---|---|---|---|---|
| 1 | തെരുവ് വിളക്ക് ലൈനുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിന് തുക നൽകൽ (114/23) | KSEB | 2,62,668 | ഇല്ല |
| 2 | 1 2 വാർഡുകൾക്കായി മാക്കാട് ഭാഗത്ത് കുഴൽ കിണർ നിർമ്മാണം (2/23 | GWD | 1,00,000 | ,, |
| 3 | കുമ്പംകുളം പടി കുഴൽ കിണർ നിർമ്മാണം വാർഡ് 3 (18/23) | GWD | 1,00,000 | ,, |
| 4 | വാർഡ് 14 ലെ വേങ്ങഴ ഭാഗത്ത് പുതിയ കുഴൽകിണർ നിർമ്മാണം (19/23) | GWD | 1,03,000 | ,, |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | ആകെ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 34,05,556* | 9,20,000 | 43,25,556 | 5,48,013 | -- | 37,77,543 |

*ലോൺ തുകയുടെ യഥാർത്ഥ നീക്കിയിരുപ്പും വാർഷിക കണക്കിലെ നീക്കിയിരുപ്പുമായി 1,74,118 രൂപയുടെ വ്യത്യാസം ഉണ്ട്. പ്രത്യേക ഘടക പദ്ധതിയിൽ ലൈഫ് മിഷൻ വായ്പ തിരിച്ചടവിലേക്ക് 2019-20 വർഷം സ്രോതസ്സിൽ കുറവ് ചെയ്ത 2,94,118 രൂപ വാർഷിക കണക്കിലെ ലോൺ അക്കൗണ്ട് ഹെഡിൽ ഉൾപ്പെടുത്തിയില്ല. കൂടാതെ തൻവർഷം ലഭിച്ച 9,20,000 രൂപയിൽ 8 ലക്ഷം രൂപമാത്രമാണ് ലോൺ അക്കൗണ്ടിൽ വരവ് വെച്ചിട്ടുള്ളത്.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

തൻവർഷം സർചാർജ്ജ് നടപടിയിലൂടെ **69,720 /-** രൂപ ലഭിച്ചിട്ടുള്ളത് ഖണ്ഡിക **4-8** ൽ ചേർത്തിട്ടുണ്ട്.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3-2 | 2006-07 | 3.18.2.5 | തെരുവുവിളക്കുകൾ സ്ഥാപിക്കൽ- വെണ്ണിക്കുളം അസി.എഞ്ചിനീയർക്ക് | നിലനിൽക്കുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | അടവാക്കിയത്-പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ ലഭ്യമല്ല | |
| 2014-15 | 2-1 | 2016-17 | അനുബന്ധം-3 | വസ്തു നികുതി-അപാകതകൾ | നിലനിൽക്കുന്നു |
| 2014-15 | 2-2 | 2016-17 | അനുബന്ധം-3 | വസ്തു നികുതി-അപാകതകൾ | നിലനിൽക്കുന്നു |
| 2015-16 | 2-7 | 2016-17 | അനുബന്ധം-5 | തൊഴിൽനികുതി -അപാകതകൾ | നിലനിൽക്കുന്നു |

## 4-8 ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 16 പ്രകാരം ചാർജ്-സർചാർജ് നടപടികൾ സ്വീകരിച്ചതിന്റെയും തുക ഈടാക്കിയതിന്റെയും പുരോഗതി വിവരം താഴെ കൊടുക്കുന്നു.

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ, ഉദ്യോഗപ്പേര് | ചാർജ്-സർചാർജ് നോട്ടീസ്/സർട്ടിഫിക്കറ്റ് നം, തീയതി | സർചാർജ്ജ് തുക | തുക അടച്ചതിന്റെ വിശദാംശം |
|---|---|---|---|---|---|
| 1 | 2017-18 (3-2, 3-3) | ശ്രീമതി ജോൺസി ജോർജ്ജ്, അസി.എഞ്ചിനീയർ | KSA/2886/Spl.Cell /Csc/B3/2020/ 17-12-2022 | Rs. 1,03,576 | **Rs. 27,635** Rt. No. 1220101582/ 22-08-2022 |
| 2 | 2018-19 (3-1) | ,, | KSA/2877/Spl.Cell /Csc/B3/2020 /21-12-2022 | Rs. 71,930 | **Rs. 42,085** Rt. No. 1220103190/ 10-01-2023 |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | റസീപ്റ്റ് & പേയ്മെന്റ് പ്രകാരം | ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 37790928 | 101488042 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 27411826 | 102375210 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര-സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പെടെ) | ഇല്ല | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 50000 | |

**ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഉദ്യോഗപ്പേര്, മേൽവിലാസം |
|---|---|---|
| 1-22 | 50000 | ശ്രീമതി ഉഷ കെ.കെ<br>(ഐ.സി.ഡി.എസ് സൂപ്പർവൈസർ)<br>ശ്രീരാഗം, ഇടയാറൻമുള വെസ്റ്റ്, 689532 |

**സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയം) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഉഷ.കെ.കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | റിട്ടയേഡ് | ശ്രീരാഗം, ഇടയാറൻമുള വെസ്റ്റ്, 689532 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 (ജ.ആ) | എൽ.എഫ്.പിറ്റിഎ/പി8/178/04 തീയതി 2.11.2004/14.1.2005 | 2 |
| 2002-03 (ചെലവ്) | എൽ.എഫ്.പിറ്റിഎ/പി8/462/07 തീയതി 12.12.2011/21.7.2012 | 7 |
| 2003-04 | എൽ.എഫ്.പിറ്റിഎ/പി3/389/05 തീയതി 5.5.2006 | 4 |
| 2004-05 | എൽ.എഫ്.പിറ്റിഎ/പി5/676/11 തീയതി 9.12.2011/27.7.2012 | 2 |
| 2005-06 | എൽ.എഫ്.പിറ്റിഎ/പി5/677/11 തീയതി 12.12.2011/28.7.2012 | 4 |
| 2006-07 മുതൽ 2010-11 വരെ | എൽ.എഫ്.പിറ്റിഎ/പി8/975/12 തീയതി 23.3.2013/3.6.2014 | 15 |
| 2015-16 | കെ.എസ്.എ.പിറ്റിഎ/പി8/1359/16 തീയതി 24.12.2016 | 10 |
| 2016-17 | കെ.എസ്.എ.പിറ്റിഎ/പി8/1131/17 തീയതി 4.10.2017 | 9 |
| 2017-18 | കെ.എസ്.എ.പിറ്റിഎ/പി8/1379/18 തീയതി 24.10.2018 | 8 |
| 2018-19 | കെ.എസ്.എ.പിറ്റിഎ/പി8/4/2020 തീയതി 3.2.2020 | 6 |

| | | |
|---|---|---|
| 2019-20 | കെ.എസ്.എ.പിറ്റിഎ/പി8/750/21<br>തീയതി 20.12.2021 | 5 ഖണ്ഡികകൾ<br>1-11, 1-12, 1-18, 1-19, 1-20, |
| 2020-21 | കെ.എസ്.എ.പിറ്റിഎ/പി8/751/21<br>തീയതി 20.12.2021 | 6 ഖണ്ഡികകൾ<br>1-11-1, 1-16-1, 1-18, 1-20 &<br>1-29, 1-30 |
| 2021-22 | കെ.എസ്.എ.പിറ്റിഎ/പി8-1431/22<br>തീയതി: 23.01.2023 | 18 ഖണ്ഡികകൾ<br>1-11, 1-12, 1-13, 1-14, 1-16, 1-17<br>1-18, 1-19, 1-20, 1-21, 1-23,<br>1-25, 1-26, 1-27, 1-30, 1-33,<br>1-34, 4-2 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 10-07-2023 and submitted on 20-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the EZHUMATTOOR Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of EZHUMATTOOR Grama Panchayat for the year 2022-2023

**Date: 05/12/2023**

**Deputy Director**
**District Office Pathanamthitta**
**Kerala State Audit Department**

# Audit Report appended to the Audit Certificate of EZHUMATTOOR Grama Panchayat for the Year 2022-2023 .

**1.Major Observations**

1. The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.
2. Literacy Account (15,529) is not recorded as liability in the Balance Sheet.

**2.Other Observations**

1. The mandatory financial statements such as notes on account and ratios prescribed in accounting rules were not submitted for audit.

2. Cash Flow statement -Net increase/decrease in cash flow Rs. 16,03,364 does not match with the difference between opening balance and closing balance of cash and cash equivalents- Rs.3576388.

3. Lapses in making timely and accurate demand entries in respect of tax and non tax revenue.
4. Registers not maintained properly- Deposit Registers were not maintained for deposit works in various Implementing Agencies.
5. Appropriation Control register not maintained properly to check the accuracy of the amount shown in the Balance Sheet.
6. Deposit Register not maintained properly for various deposits received. Hence the accuracy of the amount could not be verified.
7. Amount Shown as Outstanding liability does not match with the actual loan amount.
8. Life Housing Scheme-State share received Rs.8 lakhs. But 9,20,000 has been booked in the Annual Financial Statement.

9. Employment Guarantee Scheme-Income and Expenditure figures and advances as per annual Financial Statement does not match the actual figures.

10. Other Advance - Amount paid to International Conclave (Rs. 25000) is wrongly booked in Advance Head. Recoveries Payable- Other Deductions- The amount recorded (Rs. 3375) is wrong. The amount spent was wrongly booked twice.

11.The outstanding balance of Beneficiary contribution A/c is not accurate and reliable for audit.
12.Schedule B11 (b): Capital Work in Progress- Amount adjusted with revenue head is incorrect. Capital Work In Progress should be adjusted against the respective Asset Head.
13.There are no supporting documents to substantiate the journal vouchers recorded.
14 Schedule B9: Other Liabilities- Income tax deducted at source, KCWWF- Amount remains to be adjusted.

## അനുബന്ധം–2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ എഴുമറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്